## സർക്കാർ സൗജന്യ ഭക്ഷ്യധാന്യ കിറ്റിലേക്ക് കുടുംബശ്രീ സംരംഭ യൂണിറ്റുകളിൽ നിന്നും പലവ്യഞ്ജനങ്ങൾ നൽകി കുടുംബശ്രീ തൃശൂർ ജില്ലാമിഷൻ

കോവിഡ്19 രോഗത്തെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി പ്രഖ്യാപിച്ച ലോക്ക് ഡൗൺ തുടരുന്ന സാഹചര്യത്തിൽ ജനങ്ങളുടെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാനായി സർക്കാർ പ്രഖ്യാപിച്ച സൗജന്യ ഭക്ഷ്യധാന്യ കിറ്റിലേക്ക് കുടുംബശ്രീ സംരംഭ യൂണിറ്റുകളിൽ നിന്നും പലവ്യഞ്ജനങ്ങൾ നൽകിയിരിക്കുകയാണ് കുടുംബശ്രീ തൃശൂർ ജില്ലാമിഷൻ. കുടുംബശ്രീ സംരംഭ യൂണിറ്റുകളിൽ നിന്നും മുളക് പൊടി, മല്ലിപ്പൊടി, മഞ്ഞൾപ്പൊടി എന്നിവ ജില്ലയിലെ സപ്ലൈകോയുടെ വടക്കാഞ്ചേരി, കുരിയച്ചിറ എന്നീ ഗോഡൗണുകളിലേക്കാണ് നൽകിയത്. ജില്ലയിലെ വിവിധ പഞ്ചായത്തുകളിലെ തിരഞ്ഞെടുത്ത ഇരുപതോളം യൂണിറ്റുകളിൽ നിന്നുമുള്ള ഉത്പന്നങ്ങൾ ആണ് കുടുംബശ്രീ സപ്ലൈകോയ്ക്ക് കൈമാറിയത്. 100 ഗ്രാം വീതമുള്ള പായ്ക്കറ്റുകളാണ് പലവ്യഞ്ജന കിറ്റുകളിലേക്കായി നൽകിയത്.

6380 പായ്ക്കറ്റ് മുളക് പൊടി, 8560 പായ്ക്കറ്റ് മഞ്ഞൾപ്പൊടി, 8900 പായ്ക്കറ്റ് മല്ലിപ്പൊടി എന്നിവയാണ് ജില്ലയിലെ രണ്ടു ഗോഡൗണിലേക്കുമായി ആദ്യ ഘട്ടത്തിൽ നൽകിയിരിക്കുന്നത്. സംസ്ഥാന സർക്കാർ അതിഥി തൊഴിലാളികൾക്കായി നൽകിയ സൗജന്യ ഭക്ഷ്യധാന്യ കിറ്റിലേക്കും കുടുംബശ്രീ സംരംഭ യൂണിറ്റുകളിൽ നിന്നും പലവ്യഞ്ജനങ്ങൾ നൽകിയിരുന്നു. 3088 പായ്ക്കറ്റ് മുളക്പ്പൊടി, 2544 പായ്ക്കറ്റ് മഞ്ഞൾപ്പൊടി, 230 പായ്ക്കറ്റ് ഗരം മസാലപ്പൊടി എന്നിവയായിരുന്നു സെൻട്രൽ വെയർഹൗസിങ് കോർപ്പറേഷനിലേക്ക് കുടുംബശ്രീ തൃശൂർ ജില്ലാമിഷൻ നൽകിയത്. സൗജന്യ ഭക്ഷ്യധാന്യ കിറ്റുകൾ പായ്ക്ക് ചെയ്യുന്നതിനാവശ്യമായ പേപ്പർ കവറുകളും ജില്ലയിലെ കുടുംബശ്രീ അംഗങ്ങൾ സപ്ലൈകോയ്ക്കായി തയ്യാറാക്കി നൽകിയിരുന്നു.

ഭക്ഷ്യധാന്യ കിറ്റുകൾ പായ്ക്ക് ചെയ്യുന്നതിലും കുടുംബശ്രീ സപ്ലൈകോയെ സഹായിക്കുന്നുണ്ട്. പേപ്പർ കവറുകൾ ഉണ്ടാക്കാനും, പായ്ക്ക് ചെയ്യാൻ സഹായിക്കാനും മാത്രമല്ല, പലവ്യഞ്ജനങ്ങൾ തയ്യാറാക്കി നൽകാനും തങ്ങൾ മുന്നിൽ തന്നെ ഉണ്ടെന്ന് തെളിയിക്കുകയാണ് ജില്ലയിലെ കുടുംബശ്രീ അംഗങ്ങൾ. സാധ്യമായ എല്ലാ രീതിയിലും സംയോജനം ഉറപ്പാക്കുകയാണ് കുടുംബശ്രീ തൃശൂർ ജില്ലാമിഷൻ.